"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ ചെയർപേഴ്സൺ/അംഗങ്ങളുടെ നിയമനം - യോഗ്യരായ അപേക്ഷകരുടെ പാനൽ തയ്യാറാക്കി നൽകുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി പുനസംഘടിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.122/2024/F&CS                തീയതി,തിരുവനന്തപുരം, 23-05-2024

---

പരാമർശം:-
1. സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 31.
2. സ.ഉ(സാധാ)നം.611/2018/ഭ.പൊ.വി.വ, തീയതി 29.11.2018.
3. സ.ഉ(കൈ)നം.4/2022/ഭ.പൊ.വി.വ, തീയതി 21.02.2022.

**<u>ഉത്തരവ്</u>**

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 16, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 31 എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി രൂപീകരിച്ച സംസ്ഥാന ഭക്ഷ്യക്കമ്മീഷനിലെ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട്, ചട്ടം 31(6)ൽ നിഷ്കർഷിച്ചിരിക്കും പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയിൽ, കൺവീനറായി പൊതുവിതരണ ഡയറക്ടറും അംഗമായി പൊതുവിതരണ കമ്മീഷണറും ഉൾപ്പെട്ടിട്ടുണ്ട്.

2. പരാമർശം (3) പ്രകാരം പൊതുവിതരണ ഡയറക്ടർ തസ്തികയും പൊതുവിതരണ കമ്മീഷണർ തസ്തികയും സംയോജിപ്പിച്ച്, 'പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ' എന്ന് പുനർനാമകരണം ചെയ്തിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ ചെയർപേഴ്സൺ/അംഗങ്ങളുടെ നിയമന നാമനിർദ്ദേശത്തിനുള്ള സെലക്ഷൻ കമ്മിറ്റി താഴെപ്പറയും പ്രകാരം പുനസംഘടിപ്പിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് | ചെയർമാൻ |
| സെക്രട്ടറി, കൃഷിവകുപ്പ് | അംഗം |
| സെക്രട്ടറി, നിയമവകുപ്പ് | അംഗം |
| പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ | കൺവീനർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ബന്ധപ്പെട്ട അംഗങ്ങൾക്ക്
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്

*(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)*

കരുതൽ ഫയൽ (ബി3/292/2023-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 24-05-2024 10:51:00

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രിയുടെ പി.എസ്-ന്
ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി.എ-യ്ക്ക്
കൃഷി വകുപ്പുസെക്രട്ടറിയുടെ പി.എ-യ്ക്ക്
നിയമവകുപ്പു സെക്രട്ടറിയുടെ പി.എ-യ്ക്ക്
ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്